*'CORRUPTION, A CRIME AGAINST NATION'*


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**


**തീയതി: 01.01.2024**

# "അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ 2023-ൽ വിജിലൻസിന് സർവ്വകാല റെക്കോർഡ്."

അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ 2023-ൽ റെക്കാർഡ് നേട്ടവുമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ. 2023-ൽ 55 ട്രാപ്പ് കേസ്സുകളിലായി 60 സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്യുകയും, അഴിമതി കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള മിന്നൽ പരിശോധനകൾ 1910 എണ്ണമായി വർദ്ധിപ്പിച്ചും, കൂടുതൽ വിജിലൻസ് അന്വേഷണങ്ങൾ നടത്തിയുമാണ് സംസ്ഥാന വിജിലൻസ് ഈനേട്ടം കൈവരിച്ചത്.

അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കൈക്കൂലി വാങ്ങുമ്പോൾ തന്നെ കൈയോടെ പിടികൂടുന്ന ട്രാപ്പ് കേസ്സുകളുടെ എണ്ണത്തിൽ 2023-ൽ സംസ്ഥാന വിജിലൻസ് ആരംഭിച്ചതിന് ശേഷമുള്ള സർവ്വകാല റിക്കോർഡ് രേഖപ്പെടുത്തി. സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രൂപീകരിച്ച 1964 ന് ശേഷം ആദ്യമായിട്ടാണ് ഒരു കലണ്ടർ വർഷം തന്നെ 55 ട്രാപ്പ് കേസ്സുകൾ 2023-ൽ റിപ്പോർട്ട് ചെയ്യുത്. ഈ 55 ട്രാപ്പ് കേസ്സുകളിലായി 60 സർക്കാർ ഉദ്യോഗസ്ഥരെയും, ഏജെന്റുമാരായ 4 സ്വകാര്യ വ്യക്തികളെയും കൈയോടെ പിടികൂടി ജയിലിലടച്ചു.

2023-ൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 15 ഉം, റവന്യൂ വകുപ്പിൽ നിന്നും 14 ഉം, ആരോഗ്യ വകുപ്പിൽ നിന്നും 5 ഉം, പോലീസ് വകുപ്പിൽ നിന്നും 4 ഉം, കൃഷി, രജിസ്ട്രേഷൻ, സർവ്വേ, മോട്ടോർ വാഹനം എന്നീ വകുപ്പുകളിൽ നിന്നും 2 വീതവും, ടൂറിസം, വനം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എക്സൈസ്, വൈദ്യുതി, പട്ടിക ജാതി വികസനം, കെ.എസ്.ആർ.ടി.സി, വിദ്യാഭ്യാസം, സിവിൽസപ്ലൈസ് എന്നീ വകുപ്പുകളിൽ നിന്നും ഓരോന്ന് വീതവും ട്രാപ്പ് കേസ്സുകളാണ് 2023-ൽ റിപ്പോർട്ട് ചെയ്തത്.

55 ട്രാപ്പ് കേസുകളിലായി റവന്യൂ വകുപ്പിലെ 17 പേരേയും, തദ്ദേശസ്വയംഭരണ വകുപ്പിലെ 15 പേരെയും, ആരോഗ്യവകുപ്പിലെ 6 ഉം, പോലീസ് വകുപ്പിൽ 4 ഉം, രജിസ്ട്രേഷൻ വകുപ്പിൽ നിന്നും 3 പേരെയും, കൃഷി, സർവ്വേ, മോട്ടോർ വാഹന വകുപ്പ് എന്നിവയിൽ നിന്നും 2 വീതവും, ടൂറിസം, വനം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എക്സൈസ്, വൈദ്യുതി, പട്ടിക ജാതി വികസനം, കെ.എസ്.ആർ.ടി.സി, വിദ്യാഭ്യാസം, സിവിൽസപ്ലൈസ് വകുപ്പുകളിലെ ഓരോ ഉദ്ധ്യോഗസ്ഥരെയുമാണ് കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് 2023-ൽ അറസ്റ്റ് ചെയ്തു ജയിലിലടച്ചത്. ഇത്രയും ഉദ്ധ്യോഗസ്ഥരെ ഒരു വർഷം ട്രാപ് കേസുകളിൽ ഉൾപ്പെടുന്നതും ആദ്യമായിട്ടാണ്.

ഇക്കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്ത ട്രാപ് കേസുകളിൽ 9 എണ്ണം തിരുവനന്തപുരം വിജിലൻസിന്റെ തെക്കൻ മേഖലയിൽ നിന്നും, 18 ട്രാപ് കേസുകൾ വടക്കൻ മേഖലയിൽ നിന്നും, 9 ട്രാപ് കേസുകൾ കിഴക്കൻ മേഖലയിൽ നിന്നും, 19 ട്രാപ് കേസുകൾ മധ്യ മേഖലയിൽ നിന്നുമാണ് റിപ്പോർട്ട് ചെയ്തത്.

2018-ൽ 16 ഉം, 2019-ൽ 17 ഉം, 2020-ൽ 24 ഉം, 2021-ൽ 30, 2022-ൽ 47 ഉം ട്രാപ് കേസുകളാണ് ഇക്കഴിഞ്ഞ വർഷങ്ങളിൽ വിജിലൻസിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

സർക്കാർ ഓഫീസുകളിലെ അഴിമതി കണ്ടെത്തി തടയുന്നതിലേക്കായി രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിവരുന്ന മിന്നൽ പരിശോധനകളുടെ എണ്ണത്തിലും 2023-ൽ റെക്കോർഡിട്ടു. 2023-ൽ ഒരു ദിവസം 5.23 മിന്നൽ പരിശോധനകൾ എന്ന ശരാശരിയിൽ ആകെ 1910 മിന്നൽ പരിശോധനകളാണ് സംസ്ഥാനത്ത് വിജിലൻസ് നടത്തിയത്. 2022-ൽ ഇത് ഒരു ദിവസം 4.7 എന്ന ശരാശരിയിൽ 1715 എണ്ണവും, 2021-ൽ 1019 മിന്നൽ

പരിശോധനകളും ഉം, 2020-ൽ 861 ഉം, 2019-ൽ 1330 ഉം,2018-ൽ 598 ഉം മിന്നൽ പരിശോധനകളുമാണ് ഇതിനുമുമ്പ് വിജിലൻസ് നടത്തിയത്.

സംസ്ഥാന വ്യാപകമായി ഒരേ സമയം നടത്തുന്ന 17 സംസ്ഥാന തല മിന്നൽ പരിശോധനകളും 2023-ൽ വിജിലൻസ് നടത്തുകയുണ്ടായി. 2022-ൽ 13 എണ്ണവും, 2021-ൽ 9 എണ്ണവും, 2020-ൽ 7 എണ്ണവും ആയിരിന്നു ഇതിന് മുൻപുള്ള സംസ്ഥാനതല മിന്നൽ പരിശോധനകൾ. 2023-ൽ മോട്ടോർ വാഹന വകുപ്പിൽ "ഓപ്പറേഷൻ ഓവർലോഡ്-II", "ഓപ്പറേഷൻ സ്റ്റെപ്പിനി" എന്നിവയും, സപ്ലൈകോ വകുപ്പിൽ "ഓപ്പറേഷൻ റൈസ് ബൌൾ" എന്ന പേരിലും, തദ്ദേശ സ്വയംഭരണ വകുപ്പിൽ "ഓപ്പറേഷൻ ബ്ലൂപ്രിന്റ്", "ഓപ്പറേഷൻ പ്രൊട്ടക്ടർ", "ഓപ്പറേഷൻ ക്ലീൻ കോർപ്പ്" എന്നീ പേരുകളിലും, റവന്യൂ വകുപ്പിൽ "ഓപ്പറേഷൻ സി.എം.ആർ.ഡി.എഫ്" എന്ന പേരിലും, ഭക്ഷ്യസുരക്ഷാ വകുപ്പിൽ "ഓപ്പറേഷൻ ഹെൽത്ത് വെൽത്ത്" എന്ന പേരിലും, ജലസേചന വകുപ്പിൽ "ഓപ്പറേഷൻ ഡെൽറ്റാ" എന്ന പേരിലും, വിദ്യാഭ്യാസ വകുപ്പിൽ "ഓപ്പറേഷൻ ജ്യോതി-II" എന്ന പേരിലും, എക്സൈസ് വകുപ്പിൽ "ഓപ്പറേഷൻ കോക് ടെയിൽ" എന്ന പേരിലും, അക്ഷയ കേന്ദ്രങ്ങളിൽ "ഓപ്പറേഷൻ ഇ-സേവ" എന്ന പേരിലും, ചെക്ക് പോസ്റ്റുകളിൽ "ഓപ്പറേഷൻ ട്രഷർ ഹണ്ട്" എന്ന പേരിലും, ബെവ്കോ ഔട്ട് ലെറ്റുകളിൽ "ഓപ്പറേഷൻ മൂൺലൈറ്റ്" എന്ന പേരിലും, പട്ടിക ജാതി വികസന വകുപ്പിൽ "ഓപ്പറേഷൻ വനജ്" എന്ന പേരിലും, മൃഗസംരക്ഷണ വകുപ്പിൽ "ഓപ്പറേഷൻ വെറ്റ് സ്കാൻ" എന്ന പേരിലും, വനം വകുപ്പിൽ "ഓപ്പറേഷൻ ജംഗിൾ സഫാരി" എന്നീപേരുകളിലുമാണ് വിജിലൻസ് 2023-ൽ സംസ്ഥാനതല മിന്നൽ പരിശോധനകൾ നടത്തിയിട്ടുള്ളത്.

സംസ്ഥാന വിജിലൻസിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 5 ഓഫീസുകൾക്ക് മുട്ടത്തറയിൽ കെട്ടിടം പണിയുന്നതിലേക്ക് 2023-ൽ 20 കോടി രൂപയുടെ ഭരണാനുമതിയും, സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. വിജിലൻസ് അന്വേഷണം നടത്തി കുറ്റപത്രം നൽകുന്ന കേസ്സുകളിൽ അഴിമതിക്കാരെ എത്രയും വേഗം അഴിമതിക്കാരെ വിചാരണ നടത്തുന്നതിലേക്കായി സംസ്ഥാനത്ത് കൊല്ലം അസ്ഥാനമായി ഒരു വിജിലൻസ് കോടതി സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി ജില്ലാ ജഡ്ജ്-1, മാനേജർ-1, അസിസ്റ്റന്റ്-2, കമ്പ്യൂട്ടർ അസിസ്റ്റന്റ്-1, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1 ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്-1, ഡുഫേദാർ-1

ഓഫീസ് അറ്റൻഡന്റ്-1, സ്വീപ്പർ കം വാച്ച് മാൻ-1, പബ്ലിക് പ്രോസിക്യൂട്ടർ-1, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1, ക്ലാർക്ക്-1 എന്നീ തസ്തികകൾ വിജിലൻസിനുവേണ്ടി 2023-ൽ സംസ്ഥാന സർക്കാർ അനുവദിക്കുകയുണ്ടായി.

വിജിലൻസ് ബോധവൽക്കരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് ഉദ്യോഗസ്ഥർക്കായി സെമിനാറും, വിജിലൻസ് പരിശീലന ക്ലാസ്സുകളും 2023-ൽ സംഘടിപ്പിച്ചിട്ടുള്ളതുമാകുന്നു.

ഐശ്വര്യ പൂർണവും, സമ്പൽസമൃദ്ധി നിറഞ്ഞതും, അഴിമതി രഹിതവുമായ ഒരു പുതു വർഷം വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് പൊതുജനങ്ങൾക്ക് നേരുകയും പുതുവർഷത്തിലും വിജിലൻസിന്റെ പ്രവർത്തനത്തിന് പൊതു ജനങ്ങളുടെ സഹകരണം തുടർന്നും തേടുകയും ചെയ്തു.

പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സോഷ്യൽ മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നിലേക്ക് 2023-ൽ വിജിലൻസിന്റെ സോഷ്യൽ മീഡിയ വിഭാഗത്തെ ശക്തിപ്പെടുത്തുകയും അതുവഴി അഴിമതിയുടെ ദൂഷ്യവശങ്ങളെപ്പറ്റിയും, അഴിമതി സമൂഹത്തിലുണ്ടാക്കുന്ന അപചയങ്ങളെപ്പറ്റിയുമുള്ള സന്ദേശങ്ങൾ നൽകിയത് സമൂഹത്തിൽ ജനങ്ങളെ വിജിലൻസിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയതിന്റെ തെളിവാണ് 2023-ൽ വിജിലൻസിന് മേൽപ്പറഞ്ഞ റെക്കോർഡ് നേട്ടങ്ങൾ കൈവരിക്കാൻ ഇടയാക്കിയതെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.